(ബി) അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(സി) കെ.സി.ഇസഡ്.എ.എ. മുമ്പാകെ എത്തുന്ന അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ കാലാവധി 2014 ഡിസംബർ 19-ന് അവസാനിച്ചിരുന്നു. തുടർന്ന് പുതിയ അതോറിറ്റി പുനഃസംഘടിപ്പിച്ച് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം സംസ്ഥാന സർക്കാരിന് ലഭ്യമായത് 2015 ഏപ്രിൽ നാലാം തീയതി മാത്രമാണ്. ഈ കാലയളവിൽ അതോറിറ്റി പ്രവർത്തിക്കാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതിന് കാരണമായി. തുടർന്ന് ഏപ്രിൽ, മേയ് മാസങ്ങളിൽ അതോറിറ്റി കൂടി കഴിയുന്നിടത്തോളം അപേക്ഷകൾ തീർപ്പാക്കി വരുന്നു. തുടർന്നുള്ള എല്ലാ മാസവും അതോറിറ്റി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അപേക്ഷകളിൽ എത്രയുംവേഗം തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പങ്കാളിത്ത പെൻഷൻ പദ്ധതി

6 (1708) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതി ഉദ്യോഗസ്ഥർക്ക് ഗുണകരമായ രീതിയിൽ നടപ്പാക്കുമെന്ന് സർവ്വീസ് സംഘടനകൾക്ക് ഉറപ്പു നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമാണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ.പി.എസി.-ൽ ചേരുന്നവർക്ക് കേരളത്തിൽ ജി.പി.എഫ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) എൻ.പി.എസി-ലേക്ക് സംസ്ഥാന സർക്കാർ വിഹിതം അടച്ചു തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് അടച്ചു തുടങ്ങിയത് ; ഏതു ജീവനക്കാർക്കാണ് സർക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നത് ;

(ഇ) ഏതു തുക ഇതുവരെ സംസ്ഥാന സർക്കാർ പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടുണ്ട് ; പ്രസ്തുത പണം കേരളത്തിൽ അടയ്ക്കുന്നത് ഏത് ഫണ്ട് ഏജൻസി വഴിയാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത യോഗത്തിൽ ചുവടെപ്പറയുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്. (പ്രസ്തുത മീറ്റിംഗിന്റെ മിനിട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു)

1. എൻ.പി.എസ്.-ൽ അംഗമായ ജീവനക്കാരൻ സർവ്വീസിനിടയിൽ മരണപ്പെട്ടാൽ പ്രസ്തുത കുടുംബത്തിന് ആശ്രിത നിയമനം ലഭിക്കുന്നതുവരെ ടിയാൾ അവസാനം വാങ്ങിയ ശമ്പളം അനുവദിക്കും.

2. പി.എഫ്. സംവിധാനം നിലനിർത്തുന്നത് പരിഗണിക്കും.

3. പി.എഫ്.ആർ.ഡി.എ. ബിൽ വരുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും.

4. പി.എഫ്.ആർ.ഡി.എ. ബിൽ നിയമമാകുമ്പോൾ ഒരു assured return scheme ഉണ്ടാവുന്നതാണ്.

5. NPS പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരളാ ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എ.-യ്ക്ക് എഴുതും.

6. 2013 മാർച്ച് 31 വരെ സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ തുടരുമെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം പി.എഫ്.ആർ.ഡി.എ.-യുടെ വ്യവസ്ഥകൾക്കനുസരിച്ച് എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ.റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ പെൻഷൻ ഫണ്ട് മാനേജർമാർ മുഖേന 14-8-2008 തീയതിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എഫ്. നമ്പർ 5(88)/2006-പി.ആർ. എന്ന നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങളിൽ നിക്ഷേപിക്കുകയും അതിൽനിന്നുള്ള ഇൻവെസ്റ്റുമെന്റ് റിട്ടേണിന്റെ അടിസ്ഥാനത്തിൽ പി.എഫ്.ആർ.ഡി.എ. വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.

(സി) ഉണ്ട്. എൻ.പി.എസ്.-ൽ ചേരുന്നവർക്ക് ജി.പി.എഫ്.-ൽ തുടരാൻ അനുവദിച്ചുകൊണ്ട് സർക്കാർ ജി.ഒ.(പി) 81/2014/Fin തീയതി 24-2-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(ഡി) ഉണ്ട്. 2014 ഫെബ്രുവരി മാസത്തിലെ ശമ്പളം മുതലാണ് സർക്കാർ വിഹിതം അടച്ചു തുടങ്ങിയത്. 1-6-2015-ൽ ലഭ്യമായ 4/2015 -ലെ ശമ്പള ബില്ലുകളിലെ കണക്കനുസരിച്ച് നിലവിൽ 19306 ജീവനക്കാർക്കാണ് സർക്കാർ ഇപ്പോൾ വിഹിതം അടയ്ക്കുന്നത്.

(ഇ) 30-4-2015 വരെയുള്ള കണക്ക് അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്ന് 25.96 കോടി രൂപയും മാച്ചിംഗ് ഫണ്ടായി സർക്കാർ 25.96 കോടി രൂപയും പെൻഷൻ ഫണ്ടിലേക്ക് അടച്ചിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിലെ 5(88) 2006 പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷ് ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റ്റൂപ്പിബോണ്ടുകൾ, മണിമാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചു വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly